27 (468) അധ്യാപകരുടെ തസ്തികയിലുള്ള ഒഴിവുകൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എൽ.പി., യു.പി., എച്ച്. എസ്. എന്നീ വിഭാഗങ്ങളിൽ സ്കൂളുകളിലെ അധ്യാപകരുടെ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടപ്പുണ്ട്; സ്കൂൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ എൽ.പി., യു.പി., എച്ച്.എസ്. അധ്യാപകരുടെ സ്ഥിരം തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി&സി) ഉദിക്കുന്നില്ല.

28 (469) എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്ന ധനസഹായം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണിക്കായി സർക്കാർ അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണ് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ എൽ.പി., യു.പി. വിദ്യാലയങ്ങൾ, ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂളുകൾ എന്നിവയിലെ ഓരോ വിദ്യാർത്ഥിയ്ക്കും ഒരു വർഷം ലഭിക്കുന്ന സർക്കാർ ധനസഹായം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക നിശ്ചയിച്ചത് ഏതു വർഷത്തിലാണ്;

(ഡി) ഈ തുക ഇതുവരെയും വർദ്ധിപ്പിക്കാതിരുന്നതിന്റെ കാരണമെന്താണ്;

(ഇ) ഈ തുക വർദ്ധിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇതിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly